മാധ്യമം

25 August 2017

# കർഷകരുടെ വരുമാനം ഇരട്ടിയാക്കൽ; ഓൺലൈൻ വിപണനത്തിന് മുൻഗണന

**കൊച്ചി:** കർഷകരുടെ വരുമാനം 2022ഓടെ ഇരട്ടിയാക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കിയുള്ള ഓൺലൈൻ വിപണന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് നിർദേശം. ഏഴിന കർമപരിപാടിയിലാണ് ഈ നിർദേശം. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച കർമപരിപാടിയുടെ ജില്ലതല പ്രഖ്യാപനവും വിശദീകരണവും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടന്നു. കാർഷിക വിപണന സംവിധാനമായ ഇ-നാം പദ്ധതിയിലൂടെ 455 വിപണന കേന്ദ്രങ്ങൾ ബന്ധിപ്പിച്ചിട്ടുണ്ട്. ഏകീകൃത ദേശീയ വിപണിയായ ഇ-നാം ഉപയോഗിക്കുന്നതിലൂടെ ഇടനിലക്കാരിലൂടെയുള്ള നഷ്ടം ഒഴിവാക്കി കർഷകർക്ക് കൂടുതൽ വില ലഭിക്കുമെന്ന് കർമരേഖയിൽ പറയുന്നു. കാലാവസ്ഥ വ്യതിയാനം, കമ്പോള നിലവാരം, വിളസംരക്ഷണം തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന മൊബൈൽ, ഇൻറർനെറ്റ് സേവനങ്ങൾ കർഷകർ പരമാവധി പ്രയോജനപ്പെടുത്തണമെന്നും നിർദേശമുണ്ട്.

കാർഷിക നഷ്ടങ്ങൾ കുറക്കുന്നതിനുള്ള പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതിയിലൂടെ വായ്പ ഇൻഷുറൻസ് പരിരക്ഷ എല്ലാ കർഷരും ഉറപ്പാക്കണം. വരുമാനം വർധിപ്പിക്കുന്നതിന് കൃഷി ച്ചെലവ് കുറക്കുന്ന ജൈവകൃഷി പിന്തുടരണമെന്നതാണ് മറ്റൊരു നിർദേശം. ജലസേചനത്തിനും മണ്ണിൻെറ ഗുണനിലവാരം നിലനിർത്തുന്നതിനുള്ള പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന പദ്ധതി ജില്ലയിൽ നടപ്പാക്കണം. വരുമാനം ഇരട്ടിപ്പിക്കാൻ സംയോജിത കൃഷിരീതികൾക്ക് ഊന്നൽ നൽകണം. വിളവെടുപ്പിന് ശേഷം ആറുമാസം വരെ ഉൽപന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംഭരണശാലകൾ ഒരുക്കുന്നതിന് കുറഞ്ഞ പലിശനിരക്കിലുള്ള വായ്പ പദ്ധതികൾ കർഷകർ പ്രയോജനപ്പെടുത്തണമെന്നും നിർദേശിക്കുന്നു.

എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച പരിപാടിയിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ അസിസ്റ്റൻറ് ഡയറക്ടർ ജനറൽ ഡോ. പ്രവീൺ പുത്ര കർമപദ്ധതിയുടെ പ്രഖ്യാപനവും വിശദീകരണവും നിർവഹിച്ചു. പ്രഫ. കെ.വി. തോമസ് എം.പി ഉദ്ഘാടനം ചെയ്തു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് കേരളത്തിൽ ഇപ്പോഴും ഫലപ്രദ സംവിധാനങ്ങളില്ലെന്ന് അദ്ദേഹം പറഞ്ഞു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ. എൻ. അശ്വതി എന്നിവർ സംസാരിച്ചു.